# മകന്റെ വാശി

## ഡോ. കെ. രാമവാരിയർ

ആശാൻ, ഉള്ളൂർ, വള്ളത്തോൾ എന്ന് ചേർത്ത് പറഞ്ഞുശീലിച്ച മലയാളനാവ് എന്തുകൊണ്ടോ ഇടശ്ശേരി ഗോവിന്ദൻനായർ, വൈലോപ്പിള്ളി ശ്രീധരമേനോൻ എന്നു പറഞ്ഞുകേട്ടിട്ടുണ്ട്. ഒരുപക്ഷേ, ഏകകാലത്തു ജീവിച്ചിരുന്നു എന്നതാകാം ഒരു കാരണം. കൂടുതൽ കാരണങ്ങളിലേക്കു കടക്കുവാൻ ഇവിടെ ഉദ്ദേശ്യമില്ല. ഇരുവരും അത്യന്തഭിന്നമായ കാവ്യമാർഗത്തിൽ ചരിച്ച കവികളാണ്. ഉള്ളിൽ പാറിവീഴുന്ന പരാഗരേണുക്കളെ മനസ്സിലിട്ടു പുടപാകം ചെയ്തുചെയ്തു മിനുക്കിമിനുക്കി കവിതയാക്കി വിളമ്പി വിജയിക്കാൻ കഴിഞ്ഞ കവിയാണ് വൈലോപ്പിള്ളി. മിനുക്ക് ഏറിപ്പോവുന്നോ എന്ന് ചിലപ്പോൾ ശങ്കയും തോന്നിച്ചിട്ടുണ്ട്.

എന്നാൽ, മലയാളിയുടെ പച്ചസ്വത്വബോധത്തെ സൗന്ദര്യത്തിന്റെ കമ്പളം പുതച്ചിരുന്നത് നിർവചിക്കാനാണ് ഇടശ്ശേരി ശ്രമിച്ചത്. ഈ ശ്രമം വിജയകരമായിരുന്നുതാനും. മലയാളസമുദായഘടനയുടെ പരിണാമവേഗങ്ങളും താളങ്ങളും നിസ്സഹായമായ വ്യഥകളും ആവശ്യമില്ലാത്ത ആകാംക്ഷകളും ഇടശ്ശേരിക്കവിതയിൽ മിനുക്കില്ലാതെ പ്രത്യക്ഷപ്പെടുന്നു എന്നതാണ് അതിന്റെ പ്രത്യേകത.

പറഞ്ഞവരെല്ലാം അവധിയില്ലാതെ ആവർത്തിച്ച ഒരു കാര്യം ഉണ്ട്; ഇടശ്ശേരിക്കവിതയിൽ പ്രവേശികത്വത്തിനു പ്രഭാവമേറുന്നു എന്ന്. വിശ്വവിശാലത ഇടശ്ശേരിക്കവിതയ്ക്ക് അന്യമാണെന്ന തോന്നലുയർത്തുമാറാണ് ഈ തുയിലുണർത്തുകാർ ധ്വനിപ്പിച്ചിട്ടുള്ളത്. പക്ഷേ, വാസ്തവമെന്താണ്? പ്രയാണപരിധിക്കുള്ളിൽ പരിചിതമായ മലയാള മനസ്സിനെ വട്ടമിട്ടുപറക്കുന്ന ഇടശ്ശേരിയുടെ ഭാവന പരുഷങ്ങളും പേലവങ്ങളുമായ വൈകാരികയാഥാർഥ്യങ്ങളെ കരൾനുള്ളി അറിയിക്കുന്ന മട്ടിൽ ആവിഷ്കരിക്കുന്നതിൽ അത്യന്തം വിജയശ്രീലാളിതമായി. ഇടശ്ശേരിക്കവിതയിലെ പ്രാദേശികത്വം സങ്കുചിതത്വമല്ല. മറിച്ച് ചുററും കണ്ട മനുഷ്യരിലേക്ക് മനുഷ്യന്റെ സ്വത്വം ആവാഹിച്ച് ദേവപ്രഭയോ വേദപ്രഭയോ സഹസ്രകിരണങ്ങളോടെ ദീപ്തമാക്കിച്ചെയ്യുന്ന ഒരു മായാവിദ്യയായാണ് ഇടശ്ശേരിക്കവിത നമുക്കനുഭവപ്പെടുക.

മിതവും സാരവത്തുമാണ് ഇടശ്ശേരിയുടെ ഓരോ വാക്കും. എവിടുന്നു സ്വായത്തമാക്കി ആ ഭാഷാക്കണക്കെന്ന് അദ്ഭുതപ്പെട്ടു പോയിട്ടുണ്ട്. ഒതുക്കവും ഋജുത്വവും ചാരുതയുമാണ് ആ കവിതയുടെ തേപ്പ്. നിസ്സാരകാര്യങ്ങളെപ്പോലും അവഗണിക്കാൻ ഒരു സവിശേഷമായ ആലോചനയെന്യേ അദ്ദേഹം സന്നദ്ധനാവാറില്ല. ഇവിടെ പരാമർശിക്കപ്പെടുന്ന 'മകന്റെ വാശി'യെന്ന കഥാകവിത ഇക്കാര്യങ്ങൾക്കൊക്കെ മകുടോദാഹരണമാകയാലാണ് ഈ കവിതയെ ഒന്നവലോകനം ചെയ്യാമെന്നുദ്ദേശിച്ചത്.

ജീവിതത്തിലെ ചില നാട്ടുമ്പുറപ്രമാണങ്ങളനുസരിച്ചുള്ള പ്രായോഗിക പ്രശ്നങ്ങളെ നേരിടുവാൻ വിധിക്കപ്പെട്ട ഒരു വൃദ്ധപിതാവിന്റെ നിസ്സഹായതയുടെ ചിത്രകഥയാണ് 'മകന്റെ വാശി'. പച്ചനാട്ടുമ്പുറത്തുകാരനായ ആ പിതാവിന്റെ അച്ഛനെന്ന നിലപാടിൽ നിന്നുള്ള ഹൃദയാലുത്വത്തിന്റെ വിളംബരമാണ് ആ കവിത.

'ആറുപണത്തിനു ഗതിയറെറാരുനാൾ
വേട്ടേക്കരനുടെ പാട്ടി-
ന്നായിരമല്ലോ തേങ്ങയെറിഞ്ഞതു
ഞാനിവനുണ്ടായ്ക്കാണാൻ
ആയിരമുരു ഞാൻ കെഞ്ചുകി, ലൊരു കൈ
കൂപ്പുക.യില്ലവനിന്നാ-
ക്കോവിലിലാദ്യം ദൈവനിഷേധം,
ഗുരുജനമെന്തേ, പിന്നെ?'

കവിയുടെ അതിഥിയായി വന്ന കാരണവർ സാരസ്യസുരഭിലമായ ഒരു കഥ പറയുന്നതുപോലെയാണ് കവിതയിലെ കഥ ഇതൾ വിരിക്കുന്നത്. ഇടശ്ശേരിക്കവിതയുടെ പൊതുസ്വഭാവത്തിന് ഉത്തമോദാഹരണമായി എവിടെയും ചൂണ്ടിക്കാട്ടാവുന്നതാണ് 'മകന്റെ വാശി'. ചില കവിതകളിൽ ആവേശനിർഭരമായ ഗർജനങ്ങളുതിർക്കുന്ന കവിയായി ഇടശ്ശേരി പ്രത്യക്ഷപ്പെട്ടിട്ടുണ്ടെന്ന കാര്യം മറച്ചുവച്ചല്ല ഇതു പറയുന്നത്. 'പുത്തൻകലവും അരിവാളും', 'പണിമുടക്കം' തുടങ്ങിയ കവിതകൾ ആ ഗർജനത്തിനുദാഹരിക്കാം. പക്ഷേ, അത്തരം കവിതകൾ ആ പൊന്നാനിക്കാരന്റെ കവിതകളുടെ കൂട്ടത്തിൽ പരിമിതമാണ്. അതിഭാവുകത്വവും അത്യാവേശവും ഭൂരിഭാഗം കവിതകളിലും കാണാവതല്ല.

പുതുമകലർന്ന നാടോടിക്കവിതാരീതിയാണ് ഇടശ്ശേരിക്കുള്ളത്. ഗ്രാമീണതയുടെ സ്വച്ഛസൗന്ദര്യം നിറഞ്ഞും തികഞ്ഞും നിൽക്കുന്ന കൽപ്പനകളുടെ ആഘോഷങ്ങളാണ് നാടൻകരുത്തും ചൈതന്യവും ചന്തവും നിറഞ്ഞുനിൽക്കുന്ന കൊച്ചുകവിതകൾ പോലും. ഗ്രാമീണകർഷകന്റെ അഭിമാനബോധവും അതിന് ഏൽക്കുന്ന മുറിപ്പാടുകളും താഡനങ്ങളും ഇടശ്ശേരിക്കവിതയ്ക്ക് ആവർത്തിച്ച പ്രമേയമായിട്ടുണ്ട്. ഇവിടെ പരാമൃഷ്ടമാകുന്ന 'മകന്റെ വാശി' എന്ന കവിതയുടെ പ്രമേയവും സൂക്ഷ്മാംശത്തിൽ നോക്കിയാൽ മററൊന്നല്ല.

കാർഷികവൃത്തിയും ഗ്രാമീണജീവിതവുമായി ബന്ധപ്പെട്ട കൽപ്പനകൾ ഈ കവിതയിൽ ബഹുലമായിരിക്കുന്നു. 'നേരം നുകപ്പാടു പൊന്തിയിരുന്നു' എന്നു കണ്ടെത്തുവാൻ തനികർഷകഹൃദയമുള്ള ഒരു കവിക്കേ കഴിയൂ. തന്റെ പ്രിയപ്പെട്ട മകന് ഉന്നതവിദ്യാഭ്യാസം നൽകാൻ വേണ്ടി 'മകന്റെ വാശി'യിലെ വൃദ്ധകർഷകൻ പെട്ടപാടുകൾ നോക്കുക:

'എരുതിനെ വിററും വളമിട്ടു ഞാൻ
തൈനെല്ലിന്നു പുളയ്ക്കാൻ'

'പ്രയോജനമനുദ്ദിശ്യ നമന്ദോ/ പി പ്രവർത്തതേ' എന്നാണല്ലോ. 'സർക്കാരുദ്യോഗ'മെന്ന വളർകതിരും കാത്താണ് മകനെച്ചൊല്ലി ആ പിതാവു കഴിയുന്നത്. എന്നാൽ, ആ മകൻ 'ചാഴിപെട്ടു പോയി'വൃദ്ധകർഷകന്റെ ഭാഷയിൽ. അവന്റെ അമ്മയ്ക്കോ വയസ്സായിത്തുടങ്ങി. 'ഉരിയരികാച്ചാൻ' വീട്ടിൽ ആരുമില്ലാതായി. മകനെക്കൊണ്ട് ഒരു വിവാഹം കഴിപ്പിക്കണമെന്ന് ആ പിതാവ് ആഗ്രഹിക്കുന്നു. എന്നാൽ, ആ പുത്രൻ അനഭിലഷണീയമായ ഒരു പ്രണയബന്ധത്തിൽ കുടുങ്ങിയിരിക്കുന്നു. കേറിപ്പോകരുതെന്ന് അച്ഛൻ വിലക്കിയിരുന്ന ഒരു വീട്ടിലെ കന്യകയാണ് അവന്റെ ഹൃദയം കവർന്നത്.

'കേറിപ്പോകരുതെന്നു വിലക്കി
പലതുണ്ടല്ലോ കാര്യം
കീറത്തലയിണ പററുകയില്ലാ
പട്ടുകിടക്കയിൽ വെയ്ക്കാൻ'

കുടുംബപരമായ വ്യത്യസ്തതകളാണ് ആ വിലക്കിനാധാരം. സർക്കാരുദ്യോഗം ആശിച്ചിടത്ത് ഒരു ഗുണവുമില്ലാത്ത 'പത്രാധിപപ്പണി' ആ മകൻ സ്വീകരിച്ചു. ഇപ്പോഴിതാ പരിഭവത്തീയ്യിന് എണ്ണ പകരും മട്ടിൽ അനഭിലഷണീയമായ ഒരു പെൺകുട്ടിയിൽ ഹൃദയം അർപ്പിച്ചു നിൽപ്പുമാണ്. പരിഭവം മറയില്ലാതെ പ്രകടിപ്പിക്കുന്ന ആ ഗ്രാമീണവൃദ്ധൻ സംസാരത്തിനിടയിൽ ഒന്നിലേറെതവണ വിസ്തരിച്ചു മുറുക്കുന്നുമുണ്ട്. വിശേഷങ്ങൾക്കു കാതോർത്തിരിക്കുന്ന കവിക്കും പത്നിക്കും വൃദ്ധൻ കർക്കശനിലപാടെടുത്തുകളയുമോ എന്ന ഭീതിയാണ്.

പക്ഷേ, പരുക്കനായ ആ ഗ്രാമീണകർഷകൻ ഇപ്പോഴും മകന്റെ വാശിക്കു കീഴടങ്ങുക തന്നെയാണ്.

'കുട്ടിക്കാലത്തൊരുനീർപ്പൂവിനലട്ടി
നമ്മെക്കള്ളൻ
പൊട്ടിച്ചായതു നൽകിപ്പിന്നെ
യതിന്റെ പരാഗം കണ്ണിൽ-
ത്തട്ടിപ്പോകരുതെന്നു കളിമ്പക്കാരനെ
നോക്കിത്തോററു'

അദ്ദേഹം ഓർക്കുകയാണ്. അങ്ങനെ എത്രയെത്ര പരാജയങ്ങൾ! തോററുകൊടുക്കാനും അവന്റെ വാശിക്കുകീഴടങ്ങുവാനും ആ നിസ്സഹായനായ വൃദ്ധൻ തയ്യാറാണ്. ആ പരാജയത്തിലെ സുഖമാണ് തന്റെ ജീവിതത്തിലെ സുഖം. നദിയിലെ ചുഴികളിലും മലരികളിലുംപെട്ട് കാലമേറെയായി മിനുസമാർന്ന ഒരു സാളഗ്രാമത്തിനു സദൃശമായി പ്രത്യേകം ഒരനുപാതത്തിലാണ് 'മകന്റെ വാശി' യിലെ ഗ്രാമീണവൃദ്ധനെ ഇടശ്ശേരി വാർത്തെടുത്തിരിക്കുന്നത്.

സാമൂഹികസംക്രമണത്തിന്റെ നിർണായകമായ മുഹൂർത്തങ്ങളെ അഭിമുഖീകരിക്കുന്ന പരിഷ്കരണോത്സുകനായ ഒരു ഗ്രാമീണകർഷകന്റെ ഹൃദയനൈർമല്യവും ഋജുബുദ്ധിയുമാണ് ഇടശ്ശേരിയുടെ ഈ കവിതയിൽ ജാഗ്രത്താവുന്നതെന്നു കണ്ടെത്തുവാൻ വിഷമമില്ല.

തന്റെ ഇഷ്ടക്കാരിയുമായിട്ടുള്ള വിവാഹം നടത്തിത്തരുവാൻ മകൻ അച്ഛനോടാവശ്യപ്പെടുന്നത് കുട്ടിക്കാലത്ത് ഒരു നീർപ്പൂവിനലട്ടിയ അതേ വാശിയോടെയാണ്. ആദ്യം കുതറിമാറുന്ന അച്ഛൻ ഒടുവിൽ പുത്രവാത്സല്യത്തിനു കീഴടങ്ങുകയാണ്. ആ കീഴടങ്ങൾ കാണുമ്പോൾ കവി ആ വൃദ്ധനെ അകമഴിഞ്ഞു പ്രശംസിക്കുന്ന കാഴ്ച നോക്കുക:

'ഹാ, മിഴിനീരേ നിൽക്കുക,
ഞാനീ ദീർഘനദീതടയാത്ര-

ക്കാരനെ, മിനുസപ്പെട്ടൊരു
സാളഗ്രാമത്തിനെ നോക്കട്ടേ!'

പ്രണയത്തോടുള്ള ഇടശ്ശേരിയുടെ മനോഭാവമെന്തെന്നും ഈ കവിത കാട്ടിത്തരുന്നുണ്ട്. സ്ത്രീപുരുഷാനുരാഗത്തിന്റെ തീവ്രതയൊന്നും ഇടശ്ശേരിയെ പ്രലോഭിപ്പിക്കുന്നില്ല. 'മകന്റെ വാശി'യിലും അതുപോലെയുള്ള ചുരുക്കം ചില കവിതകളിലും മാത്രമേ ഒരു കൗതുകം പോലെ അദ്ദേഹം ആ അനുഭൂതിയെ കൊണ്ടാടിയിട്ടുള്ളൂ. പ്രണയത്തിന് അത്യന്തപ്രാധാന്യമൊന്നും കൊടുക്കാൻ ഇടശ്ശേരി തയാറായില്ല. പ്രണയചാപല്യത്തോടുള്ള കവിയുടെ പരിഹാസം-സഹാനുഭൂതിയോടു കൂടിയ പരിഹാസം- നോക്കൂ.

'ചടുല പ്രേമത്തളിർ തൂവാലകൾ
വിഡ്ഢികൾ സമ്പാദിപ്പൂ
നിടിലതടത്തിൻ വേർപ്പുതുടയ്ക്കാ-
നക്ഷരമുണ്ടോ മായ്‌വൂ!'

എന്നാൽ, സ്നേഹബന്ധങ്ങളെ നിഷേധിക്കുവാനിറങ്ങിപ്പുറപ്പെട്ട ഒരു കവിയാണ് ഇടശ്ശേരിയെന്നു ധരിക്കരുത്. സ്നേഹത്തിന്റെ മററു ചില ഭാവങ്ങൾക്ക് പ്രാമുഖ്യം നൽകാനാണദ്ദേഹം ശ്രമിക്കുന്നതെന്നേയുള്ളൂ. 'മകന്റെ വാശി'യെന്ന കവിതയുടെ ഭാവതലങ്ങൾ തെളിച്ചുകാട്ടുന്നതും മററൊന്നല്ല.

'മകനെ, സ്നുഷയെ, സ്വസ്വപ്രതിമക-
ളാക്കി വരിപ്പാനോർപ്പൂ;
മനുജൻ മൃതിയെ ജയിച്ചീടുന്നു,
മക്കളിലൂടെന്നല്ലീ?'

കുടുംബസ്ഥാപനത്തെ മഹത്വവൽകരിക്കാനുള്ള ഇടശ്ശേരിയുടെ അഭിവാഞ്ഛയാണ് ഈ വരികളിൽ അനുക്തസിദ്ധമാകുന്നത്.